**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1323** **04-02-2019 ൽ മറുപടിക്ക്**

## പട്ടയം ലഭിക്കുവാൻ അർഹതപ്പെട്ട കുടുംബങ്ങൾ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുവാൻ അർഹതപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തൊട്ടാകെ പട്ടയം ലഭിക്കുന്നതിനായി 121617 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ നിന്നും നിലവിലെ ചട്ടപ്രകാരം അർഹതപ്പെട്ട അപേക്ഷകൾ വിശദമായ പരിശോധനയിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ. |
| (ബി) എത്ര പട്ടയങ്ങളാണ് ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 1,03,313 പട്ടയങ്ങൾ വിവിധ ഇനങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) സർക്കാർ അധികാരത്തിൽ വന്നതിന്റെ ആയിരം ദിവസം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പേർക്ക് പട്ടയം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തൊട്ടാകെ കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പ് നടന്നു വരുന്നു. വിവിധ ജില്ലകളിലായി പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച 121617 അപേക്ഷകൾ പരിഗണനയിലുണ്ട്. അപേക്ഷകളിലെ അർഹത പരിശോധിച്ച് നിലവിലെ ചട്ടപ്രകാരം പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) ഓരോ ജില്ലയിലും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പട്ടയങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തൊട്ടാകെ ഡിസംബർ, ജനുവരി മാസങ്ങളിലായി പട്ടയമേളകൾ സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| **ക്രമ നം** | **ജില്ല** | **വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്ന പട്ടയങ്ങളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | വർക്കല, ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ 139 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| 2 | കൊല്ലം | 02.02.2019 ന് നടക്കുന്ന പട്ടയമേളയിൽ വിതരണത്തിനായി ഏകദേശം 358 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| 3 | പത്തനംതിട്ട | 371 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കി വരുന്നു |
| 4 | ആലപ്പുഴ | 28.12.2018 ന് നടന്ന പട്ടയമേളയിൽ 152 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 28.12.2018 ന് നടന്ന പട്ടയമേളയിൽ 212 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 200 പട്ടയങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു. |
| 6 | ഇടുക്കി | 22/01/2019 ന് പട്ടയമേളയിൽ 6065 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | 360 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കി വരുന്നു |
| 8 | തൃശ്ശൂർ | 21.01.2019 ന് പട്ടയമേള സംഘടിപ്പിച്ച് 9032 പട്ടയങ്ങൾ വിതരണം ചെയ്തിരുന്നു. |
| 9 | പാലക്കാട് | 05.01.2019 ന് നടന്ന പട്ടയമേളയിൽ 2866 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| 10 | മലപ്പുറം | 17/12/2018 ന് നടന്ന പട്ടയമേളയിൽ 4463 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 34 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കി വരുന്നു. |
| 11 | കോഴിക്കോട് | 17.12.2018 ന് നടന്ന പട്ടയമേളയിൽ 1504 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 29.12.2018 ന് നടന്ന പട്ടയമേളയിൽ 404 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 24.12.2018 ന് നടന്ന പട്ടയമേളയിൽ 1448 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | 07.01.2019 ന് നടന്ന പട്ടയമേളയിൽ 2167 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**